**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** | **24-02-2022 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ എം വിൻസെൻറ്** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | 2021 നവംബർ ഒന്നാം തീയതി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്താൻ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം നടന്നിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; | (എ) | 2021 നവംബർ ഒന്നാം തീയതി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്താൻ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം നടന്നിട്ടില്ല. |
| (ബി) | 2021 സെപ്റ്റംബർ പതിനേഴാം തീയതി കേരളം, തമിഴ് നാട് സെക്രട്ടറിമാരുടെ അന്തർ സംസ്ഥാനതല യോഗം നടന്നിരുന്നോ; പ്രസ്തുത യോഗത്തിൽ മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്താൻ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട സമവായ ധാരണ രൂപപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 2021 സെപ്റ്റംബർ പതിനേഴാം തീയതി കേരള-തമിഴ്നാട് സെക്രട്ടറിമാരുടെ അന്തർസംസ്ഥാന സെക്രട്ടറി തല സമിതിയുടെ മൂന്നാമത് യോഗം ഓൺലൈൻ മുഖാന്തിരം നടന്നിരുന്നു. പ്രസ്തുത യോഗത്തിൽ മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്താൻ മരങ്ങൾ മുറിയ്ക്കുന്നതുമായി ബന്ധപ്പെട്ട സമവായ ധാരണയൊന്നും രൂപപ്പെട്ടിരുന്നില്ല. എന്നാൽ അസ്സൽ അന്യായം 3/2006-ന ബഹു. സുപ്രീം കോടതിയുടെ 07/05/2014-ലെ വിധി പ്രകാരം, ബേബി ഡാമിന്റെ ബലപ്പെടുത്തൽ നടപടികളുടെ ഭാഗമായി ബാക്കിയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി ബേബി ഡാമിനു താഴെയായി നിലനിന്നിരുന്ന 23 മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള അനുമതിയ്ക്കായി (Forest Clearance) കേന്ദ്ര സർക്കാരിന്റെ PARIVESH പോർട്ടൽ മുഖാന്തിരം തമിഴ്നാട് 2015-ൽ സമർപ്പിച്ച അപേക്ഷയുടെ ഭാഗമായി, തമിഴ്നാട്ടിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേരള വനം വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി 2021 ജൂൺ മാസത്തിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 15 മരങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും, ആയത് മുറിച്ചു നീക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള തമിഴ്നാടിന്റെ അപേക്ഷ പരിശോധനയിലാണെന്നും കേരള |

| | | | |
|---|---|---|---|
| | | | ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് പ്രിൻസിപ്പൽ സെക്രട്ടറി പ്രസ്തുത യോഗത്തിൽ അറിയിച്ചു. |
| (സി) | ബേബി ഡാമിന് തൊട്ടുതാഴെയായി മരങ്ങൾ വളരുന്നത് അതിന്റെ സുരക്ഷയെ ബാധിക്കുമെന്നും അതിനാൽ മരങ്ങളൊഴിവാക്കി ബേബി ഡാമിന് കീഴ്ഭാഗം എപ്പോഴും നീർ വലിഞ്ഞ് ഉണങ്ങിയിരിക്കണമെന്നും 2021 സെപ്റ്റംബർ 15-ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ ചേർന്ന യോഗത്തിൽ ജലവിഭവ വകുപ്പിലെ എൻജിനീയർമാർ നിർദ്ദേശിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; ഈ യോഗത്തിന്റെ വിശദാംശങ്ങൾ നൽകാമോ; | (സി) | 2021 സെപ്റ്റംബർ പതിനേഴാം തീയതി കേരള-തമിഴ്നാട് സെക്രട്ടറിമാരുടെ അന്തർസംസ്ഥാന സെക്രട്ടറിതല സമിതിയുടെ മൂന്നാമത് യോഗത്തിന് മുന്നോടിയായി ടി യോഗത്തിൽ ഉൾപ്പെടുത്തേണ്ട അന്തർസംസ്ഥാന നദീജലകരാറുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ഒരു ധാരണയിൽ എത്തിച്ചേരുന്നതിലേയ്ക്കാണ് ബന്ധപ്പെട്ട വകുപ്പുകളുമായി 2021 സെപ്റ്റംബർ 15-ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ യോഗം ചേർന്നത്. എന്നാൽ ടി യോഗത്തിൽ, ബേബി ഡാമിനു തൊട്ടു താഴെയായി മരങ്ങൾ വളരുന്നത് അതിന്റെ സുരക്ഷയെ ബാധിയ്ക്കുമെന്നും അതിനാൽ മരങ്ങളൊഴിവാക്കി ബേബി ഡാമിനു കീഴ്ഭാഗം എപ്പോഴും നീർ വലിഞ്ഞ് ഉണങ്ങിയിരിക്കണമെന്നുള്ള വിഷയം പരിഗണനയിൽ വന്നില്ല. |
| (ഡി) | മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് എന്ന ആവശ്യത്തിന് പ്രസക്തിയില്ലെന്നും ബേബി ഡാം ബലപ്പെടുത്തി ജലനിരപ്പ് 152 അടിയായി ഉയർത്തുമെന്നും തമിഴ് നാട് സുപ്രീം കോടതിയിലെടുത്ത നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. എന്നാൽ നിലവിലെ മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതവും ദൃഢവുമായതിനാൽ പുതിയ അണക്കെട്ട് എന്ന ആവശ്യത്തിന് പ്രസക്തിയില്ലെന്നും, കൂടാതെ ബേബി ഡാമിന്റെ ബലപ്പെടുത്തൽ, പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജലനിരപ്പ് 152 അടിയായി ഉയർത്താമെന്നതുമാണ് തമിഴ്നാടിന്റെ നിലപാട്. |
| (ഇ) | മുല്ലപ്പെരിയാറിൽ ബേബി ഡാം ബലപ്പെടുത്താൻ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ് നാട് കേരളത്തിന് കത്ത് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ? | (ഇ) | സംരക്ഷിത വനമേഖലയിലെ മരങ്ങൾ മുറിച്ചു നീക്കുന്നതിന് ചട്ട പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതും, പരിശോധനകൾക്കു ശേഷം, വന്യജീവി സംരക്ഷണ നിയമം, വനസംരക്ഷണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം എന്നിവ അടിസ്ഥാനമാക്കി, വനം വകുപ്പ് ആവശ്യമായ അനുമതിക്കുള്ള ശിപാർശ നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ Forest Clearance ആത്യന്തികമായി നൽകുന്നത് കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയവുമാണ്. 07/05/2014-ലെ അസ്സൽ അന്യായം, 3/2006-ലെ ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ബേബി ഡാമിന്റെ ബലപ്പെടുത്തൽ നടപടികളുടെ ഭാഗമായുള്ള പ്രവൃത്തികൾ നടത്തുന്നതിനായി ബേബി ഡാമിനു താഴെയായി നിലനിന്നിരുന്ന 23 മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള അനുമതിയ്ക്കായുള്ള [Forest Clearance] അപേക്ഷ, കേന്ദ്രസർക്കാരിന്റെ PARIVESH പോർട്ടൽ മുഖാന്തിരം തമിഴ്നാട് 2015- |

| | | | |
|---|---|---|---|
| | | | ൽ സമർപ്പിച്ചിരുന്നു. 03.09.2020 തീയതിയിലെ 8626/ISW.1/2015-24 നമ്പർ കത്ത് പ്രകാരം , തമിഴ്നാട് പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറി, മുല്ലപ്പെരിയാർ ഡാമിന്റെയും, ബേബി ഡാമിന്റെയും പരിസര പ്രദേശങ്ങളിലുള്ള 23 മരങ്ങളും, കുറ്റിച്ചെടികളും, മുറിച്ച നീക്കുന്നതിനുള്ള അനുമതി നൽകാൻ സംസ്ഥാന വനംവകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

4612716/2020/OS-F&WL



**Public Works Department**
**Secretariat,Chennai.9**

Letter No.8626/ISW.1/2015-24 , dated: 03.09.2020

From
**Dr.K. Manivasan, IAS.,**
**Principal Secretary to Government**

To
The Secretary
Forest and Wild Life Department,
Government of Kerala,
Thiruvananthapuram – 695 001.

Sir,

Sub: Mullai Periyar Dam – Strengthening of Baby Dam, Removal of shrubs and felling of trees in and around Mullai Periyar Dam, Baby Dam – Necessary clearance requested – Regarding

Ref:
1. My Predecessors' D.O. Letter No. 8626/ISW1 /2015-1, dated 4.5.2015.
2. From the Additional Principal Chief conservator of Forests (special Afforestation) . & Nodal Officer, Thiruvananthapuram Letter No. FC2-28659/2015, dated 19.11.2016, (addressed to the Executive Engineer, Water Resources Department, Periyar Dam Special Division, Cumbum.)
3. This Government Letter No. 8626/ISW1/2015-12, dated 10.05.2017

-----

I am directed to invite your attention to the reference third cited, wherein you have been requested to instruct the concerned officials of the Kerala Forest Department to process the applications of the Executive Engineer, in-charge of the Mullai Periyar Dam that were uploaded through online on 29.5.2015, for obtaining wild life clearance and environmental clearance to remove the 23 trees and shrubs in the downstream area of the Baby dam of the Mullai Periyar Dam positively and forward it to the Regional office, Ministry of Environment, Forest and Climate Change, Bengaluru. The applications had been assigned No. FP/KL/IRRIG/ 12012/ 2015 and No.IA/KL /RIV /27883 / 2015, respectively. The proposal was pending for more than 4 years.

On, 01.01.2019 an email alert was received from System Administrator of online submission and Monitoring of Forests clearances proposal. As per the instructions received vide the above email, a hard copy of the proposal already submitted through online along with all enclosures were handed over to the District

4612716/2020/OS-F&WL

Collector, Idukki and the Deputy Director, Periyar Tiger Reserve, Thekkady on 08.02.2019 and acknowledgements had been received and uploaded in the online proposal. Now the stage of the above proposal is under examination and the proposal is pending at the Deputy Director, Periyar Tiger Reserve, Thekkady.

2. I am, therefore, to request you to take necessary action to accord clearance to fell down 23 number of trees and clear the shrubs in and around the Mullai Periyar Dam, Baby Dam etc., in the spirit of keeping up a good neighbourly relationship and to honour the verdict of the Supreme Court of India.

Yours faithfully,

4/9/2020

For Principal Secretary to Government

4-9-20